**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1992** — **13.06.2019-ൽ മറുപടിക്ക്**

**മണർകാട് പോലീസ് സ്റ്റേഷനിൽ കസ്റ്റഡി മരണം**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) അരീപ്പറമ്പ് മഹാത്മ കോളനിയിലെ നവാസ് എന്ന യുവാവ് മണർകാട് പോലീസ് സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ടി കേസ്സ് സംബന്ധിച്ച അന്വേഷണത്തിൽ നവാസ് സ്ഥിരം മദ്യപാനിയും വീട്ടുകാർക്ക് ശല്യക്കാരനായി പ്രവർത്തിച്ച് വരുന്ന ആളാണെന്നും ടി സംഭവത്തിന്റെ തലേ ദിവസം (20.05.2019) രാത്രി 10.15 മണിയോടെ പോലീസ് എത്തി ടിയാനെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് വരുന്ന സമയം വരെ ടിയാനും ടിയാന്റെ ട്രാൻസ്ജെൻഡറായ അനുജനും അമ്മയുമായും പലതവണ വീട്ടിലും വീടിന്റെ മുൻഭാഗത്തെ കളിസ്ഥലത്ത് വച്ചും അടിപിടിയും വാക്കേറ്റവും, ചീത്തവിളിയും നടന്നതായും, അടിപിടിക്കിടയിൽ അമ്മയും ട്രാൻജെൻഡറായ അനുജനും മറ്റ് ബന്ധുക്കളും കാട്ട് കമ്പ് കൊണ്ടും മറ്റും പല പ്രാവശ്യം നവാസിനെ അടിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

ഇപ്പോൾ ട്രാൻജെൻഡറായി ജീവിച്ച് വരുന്ന അനുജൻ നൗഷാദിനോട് വീട്ടുകാർ കൂടുതൽ സ്നേഹവും, പരിഗണനയും കാണിക്കുന്നുണ്ടെന്നും തന്നെ പല കാര്യത്തിലും അവഗണിച്ച വരുന്നുണ്ടെന്ന തോന്നൽ നവാസിന് ഉണ്ടായിരുന്നു. കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്ന അവസരത്തിൽ വീട്ടുകാരോട് പല പ്രാവശ്യം സ്റ്റേഷനിൽ നിന്ന് ഇറക്കുവാൻ വരണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വീട്ടുകാർ അന്ന് രാത്രി തന്നെ സ്റ്റേഷനിലെത്തി നവാസിനെതിരെ പരാതി കൊടുക്കുകയും ചെയ്തു. പിറ്റേന്ന് രാവിലെ സ്റ്റേഷനിലെ പോലീസുകാരിൽ നിന്നും മൊബൈൽ ഫോൺ വാങ്ങി ഭാര്യയെ ഒന്നിലധികം പ്രാവശ്യം ഫോണിൽ വിളിച്ചിട്ടും ഭാര്യ ഫോൺ എടുക്കാതിരുന്ന വിഷമത്താലും പെട്ടെന്നുണ്ടായ നൈരാശ്യത്താലും, പ്രകോപനത്താലും മരിക്കണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടിയാണ് ടിയാൻ ബാത്തുറൂമിലെ ജനൽ കമ്പിയിൽ ഉടുത്തിരുന്ന മുണ്ട് അഴിച്ച് ഒരറ്റം കെട്ടിയ ശേഷം കഴുത്തിൽ കുരുക്കിട്ട് സ്വയം കെട്ടിത്തൂങ്ങി മരിച്ചത്.

(സി) കസ്റ്റഡിയിലിരുന്ന പ്രതിയുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രാഥമിക അന്വേഷണത്തിൽ സ്റ്റേഷൻ ഡ്യൂട്ടിയിലുണ്ടായിരുന്ന ജി.ഡി ചാർജ്ജ് എ.എസ്.ഐ, ടി സമയം പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ എന്നിവർ

എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തങ്ങളുടെ ഒദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പോലീസ് മേധാവി ടിയാൻമാരെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് വകുപ്പ് തല അന്വേഷണത്തിന് ഉത്തരവിടുകയും മേൽനോട്ട പിഴവ് വരുത്തി കൃത്യവിലോപം കാണിച്ചതിന് മണർക്കാട് പോലീസ് സ്റ്റേഷൻ എസ്. എച്ച്. ഒ യ്ക്കെതിരെയും വകുപ്പ്തല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ